# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 207** **07.08.2017**-ൽ മറുപടിക്ക്

## മലബാർ കാൻസർ സെന്ററിന്റെ വികസനം

**ചോദ്യം** — **ശ്രീ.എ. എൻ. ഷംസീർ**

**മറുപടി** — **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം മലബാർ കാൻസർ സെന്ററിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തത്; ഇതിന്റെ പുരോഗതി എന്താണെന്ന് വിശദീകരിക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 ബഡ്ജറ്റിൽ മലബാർ കാൻസർ സെന്ററിന്റെ വികസനത്തിനായി 29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 ബഡ്ജറ്റിൽ 35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മലബാർ കാൻസർ സെന്ററിൽ കാൻസർ ജനറ്റിക് ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചു. നഴ്സിംഗ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. മലബാർ കാൻസർ സെന്ററിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ചിന്റെ ഭാഗമായി National Board of Examination (NBE) യുടെ കീഴിൽ DNB in Surgical Oncology Course ആരംഭിക്കുകയുണ്ടായി. പ്രോട്ടിയോമിക് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| ബി) | മലബാർ കാൻസർ സെന്റർ തിരുവനന്തപുരം ആർ .സി .സി നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും മാസ്റ്റർ പ്ലാൻ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ? | ബി) | ഇല്ല. എന്നാൽ മലബാർ കാൻസർ സെന്ററിനെ ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ട് ആക്കി ഉയർത്തുന്നതിനും 600 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനും മുഖ്യമന്ത്രി ചെയർമാനായുള്ള മലബാർ കാൻസർ സെന്ററിന്റെ 9-ാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനിക്കുകയും ഇത് പ്രകാരം 183 കോടി രൂപയുടെ ആദ്യ ഘട്ട പ്രൊപ്പോസൽ KIFB (Kerala Infrastructural Investment Board) ൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി BSNL നെ SPV ആക്കി കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**